കൂടാതെ സാമ്പത്തിശേഷി തീരെകുറഞ്ഞവർക്ക് കെ.എച്ച്.ആർ. ഡബ്ല്യു.എസ്.ഉം ആശുപത്രി വികസന സമിതികളും ചികിത്സയ്ക്കായി സൗജന്യങ്ങൾ അനുവദിക്കാറുണ്ട്.

ക്രിസ്തുമസ്, റംസാൻ സീസണുകളിലെ റേഷൻ വിതരണം

6 (*152)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസും, റംസാനും പ്രമാണിച്ച് സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ സാധനങ്ങൾക്ക് പുറമേ കൂടുതൽ അരി, പഞ്ചസാര, പച്ചരി തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്രിസ്തുമസ്, റംസാൻ സീസണുകളിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ അരി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ക്രിസ്തുമസ്, റംസാൻ സീസണുകളിൽ സാധാരണ റേഷൻ സാധനങ്ങൾക്ക് പുറമേ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനാവശ്യമായ റേഷൻ സാധനങ്ങൾ ശേഖരിച്ചു കഴിഞ്ഞുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്താനുദ്ദേശിക്കുന്ന ക്രിസ്തുമസ്, റംസാൻ ഫെയറുകൾ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവങ്ങൾ പ്രമാണിച്ച് സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 19.12.99, 2.1.2000 എന്നീ തീയതികളിൽ തുടങ്ങുന്ന ആഴ്ചകളിൽ 25 കിലോഗ്രാം വീതം അരിയും ഒരു കിലോഗ്രാം വീതം പഞ്ചസാരയും സ്പെഷ്യലായി വിതരണം നടത്തുന്നതാണ്. നല്ലയിനം പച്ചരി ലഭ്യമാക്കാനും എഫ്.സി.ഐ.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ക്രിസ്തുമസിനും റംസാനും ഉച്ചഭക്ഷണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോഗ്രാം വീതം അരി സൗജന്യമായി വിതരണം നടത്തുന്നുണ്ട്.

(ഡി) 13.12.1999-ൽ പച്ചരി, പുഴുക്കലരി എന്നീ ഇനങ്ങളിലായി മൊത്തം 193,885 മെട്രിക് ടൺ അരിയും 174, 216 മെട്രിക് ടൺ ഗോതമ്പു സ്റ്റോക്കുണ്ട്. വിതരണത്തിനാവശ്യമായ പഞ്ചസാരയും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനൻ ക്രിസ്തുമസ് പ്രമാണിച്ച് 15.12.99 മുതൽ 24.12.1999 വരേയും റംസാൻ പ്രമാണിച്ച് 29.12.1999 മുതൽ 7.1.2000 വരേയും ഫെയറുകൾ നടത്താൻ ഉദ്ദേശിക്കുന്നു.

ഫാർമസി വിഭാഗവും ആശുപത്രി വികസന സൊസൈറ്റിയും സംയുക്തമായി നടത്തിവരുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകൾ

7 (*153) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ദാസൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ഫാർമസി വിഭാഗവും ആശുപത്രി വികസന സൊസൈറ്റി/കമ്മിറ്റിയും സംയുക്തമായി പേയിംഗ് കൗണ്ടറുകൾ (ന്യായവില മെഡിക്കൽ സ്റ്റോറുകൾ) നടത്തിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പേയിംഗ് കൗണ്ടറുകളുടെ നടത്തിപ്പിനും പ്രവർത്തനത്തിനും വേണ്ടി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പേയിംഗ് കൗണ്ടറുകൾക്ക് ഏകീകൃതമായ രീതിയിലുള്ള പ്രവർത്തന രൂപരേഖ ഉണ്ടാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ മുഴുവൻ പേയിംഗ് കൗണ്ടറുകളുടേയും പ്രവർത്തനം കാര്യക്ഷമവും ഏകീകൃതവുമാക്കുന്നതിന് തമിഴ്നാട് മെഡിക്കൽ സപ്ലൈസ് കോർപ്പറേഷൻ മാതൃകയിൽ ഒരു ഏജൻസിയെ സംസ്ഥാനത്ത് നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഇ) സംസ്ഥാനത്തെ പേയിംഗ് കൗണ്ടറുകളിൽ ശരാശരി എത്ര രൂപയുടെ വിൽപ്പന ദിനംപ്രതി നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതിയും ഫാർമസി വിഭാഗവും സംയുക്തമായി നടത്തുന്ന പേയിംഗ് കൗണ്ടർ (ന്യായവില മെഡിക്കൽ സ്റ്റോർ) നിലവിലുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ആശുപത്രി വികസന സൊസൈറ്റികൾ/കമ്മിറ്റികൾ നടത്തുന്ന പേയിംഗ് കൗണ്ടറുകൾ ആശുപത്രികളിലെ ഫാർമസി വിഭാഗത്തിന്റെ സഹകരണത്തോടുകൂടി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവയായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ജീവൻ രക്ഷാ ഔഷധങ്ങൾ രോഗികൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നത് മുൻനിർത്തിയാണ് മെഡിക്കൽ കോളേജിലെ പേയിംഗ് കൗണ്ടറുകൾ ആരംഭിച്ചിട്ടുള്ളത് മറ്റ് മാർഗ്ഗനിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly